## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5748 — 29.07.2015-ൽ മറുപടിക്ക്.

## പുതിയ ഫയർ സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പുതിയതായി എവിടെയെല്ലാമാണ് ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | : (എ) വൈക്കം, കോന്നി, എരുമേലി, വേങ്ങര, പാനൂർ, ചവറ എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളും, വൈപ്പിൻ, തകഴി, അടിമാലി, കള്ളിക്കാട് എന്നിവിടങ്ങളിൽ മിനി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളും, തിരുവനന്തപുരം -ചാല, എറണാകുളം - ഹൈക്കോടതി ജംഗ്ഷൻ, കോഴിക്കോട്-മീഞ്ചന്ത തെരുവ് എന്നിവിടങ്ങളിൽ സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകളും ആരംഭിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (ബി) കിളിമാനൂർ കേന്ദ്രമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | : (ബി) 21.12.2011 ലെ സ.ഉ (സാധാ) 3764/2011/ആഭ്യന്തരം പ്രകാരം,അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ, കിളിമാനൂർ ഫയർ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല. എന്നിരുന്നാലും, കിളിമാനൂരിലെ മിനി സിവിൽ സ്റ്റേഷനിൽ, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് സൗകര്യം ലഭ്യമാണെന്ന് ബഹു. എം.എൽ.എ, കത്ത് മുഖാന്തിരം അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, ടി വിഷയം പരിശോധിച്ചു വരുന്നു |

(signature)

സെക്ഷൻ ഓഫീസർ